"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-മീഞ്ചന്ത അഗ്നിരക്ഷാ നിലയത്തിലെ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്) 2329, ശ്രീ.നന്ദകുമാർ കെ.കെ. ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)1746/2022 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1039/2024/HOME തീയതി,തിരുവനന്തപുരം, 04-04-2024

---

പരാമർശം:-

1. ശ്രീ.നന്ദകുമാർ.കെ യുടെ 13/07/2023 ലെ അപേക്ഷ. (Annexure A 10)
2. ഒ.എ.(ഇ.കെ.എം)1746/2022 മേലുള്ള ബഹു.കേരള അഡമിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21/11/2023 ലെ ഉത്തരവ്.
3. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 19/12/2023 ലെ FIREHQ/722/2022-E4 നം കത്ത്.

**ഉത്തരവ്**

അഗ്നിരക്ഷാ സേവന വകുപ്പിൽ മഞ്ചേരി നിലയത്തിലെ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്) ആയ ശ്രീ.കെ.കെ.നന്ദകുമാർ, ടിയാന്റെ ബാച്ചിലെ സഹപ്രവർത്തകർക്ക് ലഭിക്കുന്ന ശമ്പളത്തെക്കാൾ കുറവാണ് ടിയാന് ലഭിക്കുന്നത് എന്നും പ്രസ്തുത കുറവ് അനോമലി വഴി പരിഹരിച്ച് ടിയാൻ്റെ സർവ്വീസ് ബാച്ചുകാരുടെ ശമ്പളത്തിന് തുല്യമാക്കി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യമുന്നയിച്ച് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ.(ഇ.കെ.എം)1746/2022 ഫയൽ ചെയ്യുകയുണ്ടായി.

2) ഒ.എ(ഇ.കെ.എം)1746/2022 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ അന്തിമ ഉത്തരവിൽ, പ്രസ്തുത ഉത്തരവ് ലഭ്യമായി മൂന്ന് മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട ശേഷം സൂചന (1) (അനക്സർ എ 10) ൽ തീരുമാനം കൈക്കൊള്ളാൻ രണ്ടാം എതിർകക്ഷിയായ സർക്കാരിനോട് നിർദേശിക്കുകയുണ്ടായി.

3) മഞ്ചേരി അഗ്നിരക്ഷാ നിലയത്തിലെ സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്) 2329 ശ്രീ.കെ. കെ. നന്ദകുമാറിന്റെ ശമ്പളത്തിലെ കുറവ് അനോമലി വഴി പരിഹരിച്ച് ടിയാന്റെ സർവ്വീസ് ബാച്ചുകാരുടെ ശമ്പളത്തിന് തുല്യമാക്കി നൽകണമെന്ന ടിയാന്റെ അപേക്ഷ (അനക്സർ എ10) പരിഗണിച്ച് മഞ്ചേരി

നിലയത്തിലെ സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്) 2329 ശ്രീ.കെ. കെ.നന്ദകുമാറിന്റെയും ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) 2346 ശ്രീ.അഷ്‌റഫ്.കെയുടെയും സർവ്വീസ് രേഖകൾ, സർവ്വീസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രീ.അഷ്‌റഫ് കെ. സർവ്വീസിൽ പ്രവേശിച്ചത് 21/06/2006 ലും പരാതിക്കാരനായ ശ്രീ.കെ.കെ. നന്ദകുമാർ സർവ്വീസിൽ പ്രവേശിച്ചത് 01/08/2006 ലുമാണെന്നും ടി ജീവനക്കാർ 2 പേരും 21/06/2006 ൽ ആരംഭിച്ച ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) ട്രെയിനിംഗിലാണ് സർവീസ് ആരംഭിച്ചതെങ്കിലും ശ്രീ.കെ.കെ.നന്ദകുമാറിനെതിരെ പോലീസ് കേസ് നിലവിൽ ഉണ്ടായിരുന്നതിനാൽ ടിയാന്റെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വൈകി മാത്രമേ ലഭിച്ചിരുന്നുള്ളൂ എന്നും ആയത് കാരണം ടിയാൻ 01/08/2006 ലാണ് ട്രയിനിംഗിന് ഹാജരായതെന്നും അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.കെ.കെ.നന്ദകുമാറിന് ഒന്നാം സമയബന്ധിത ഗ്രേഡ് ലഭിച്ചത് 01/08/2014 ലും ശ്രീ.അഷ്‌റഫ്.കെ യ്ക്ക് ഒന്നാം സമയബന്ധിത ഗ്രേഡ് ലഭിച്ചത് 21/06/2014 ലും ആണെന്നും 01/07/2014 ൽ പ്രബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തിന് ശ്രീ.അഷ്‌റഫ്.കെ. യ്ക്ക് ഒന്നാം സമയബന്ധിത ഗ്രേഡ് ലഭിച്ച അടിസ്ഥാന ശമ്പളം ആധാരമാക്കിയാണ് ശമ്പളപരിഷ്കരിച്ചതെന്നും എന്നാൽ ശ്രീ.കെ. കെ. നന്ദകുമാറിന് സമയബന്ധിത ഗ്രേഡ് ലഭിക്കുന്നതിന് മുമ്പുള്ള അടിസ്ഥാന ശമ്പളം ആധാരമാക്കിയാണ് ശമ്പളം പരിഷ്കരിച്ചതെന്നും ഇക്കാരണത്താലാണ് ശ്രീ.അഷ്‌റഫ് കെ. യുടെ ശമ്പളത്തേക്കാൾ ശ്രീ.കെ. കെ. നന്ദകുമാറിന്റെ ശമ്പളത്തിൽ കുറവ് സംഭവിക്കാൻ കാരണമെന്നും ശ്രീ.കെ.കെ.നന്ദകുമാർ സർവ്വീസിൽ പ്രവേശിക്കാനുള്ള കാലതാമസം ടിയാന്റെ ശമ്പളത്തിലും പ്രതിഫലിക്കുകയാണുണ്ടായതെന്നും അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരുന്നു. മഞ്ചേരി നിലയത്തിലെ സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്) 2329 ശ്രീ.കെ. കെ. നന്ദകുമാർ സർവ്വീസിൽ പ്രവേശിക്കാനുണ്ടായ കാലതാമസം മൂലമാണ് ടിയാന്റെ ശമ്പളം കുറവ് സംഭവിച്ചത് എന്നതിനാൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ടിയാന്റെ ശമ്പളത്തിലെ കുറവ് അനോമലി വഴി പരിഹരിച്ച് ടിയാന്റെ സർവ്വീസ് ബാച്ചുകാരുടെ ശമ്പളത്തിന് തുല്യമാക്കി നൽകുവാൻ സാധിക്കുകയില്ല എന്ന വിവരം ഡയറക്ടർ ജനറൽ അറിയിച്ചിരുന്നു.

4) ബഹു.ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് അണ്ടർ സെക്രട്ടറി 02/02/2024 നു അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. സർവ്വീസ് പ്രവേശനത്തിന് തന്റെ ഭാഗത്തുനിന്നും അല്ലാതെയുണ്ടായ കാലതാമസം മൂലം സംഭവിച്ച ശമ്പള അപാകതകൾ അനോമലി വഴി പരിഹരിച്ച് തന്റെ സർവ്വീസ് ബാച്ചുകാരുടെ ശമ്പളത്തിന് തുല്യമാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ അപേക്ഷിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അഷ്‌റഫ്.കെ സർവ്വീസിൽ പ്രവേശിച്ചത് 21/06/2006 ലും പരാതിക്കാരനായ ശ്രീ.കെ.കെ. നന്ദകുമാർ സർവ്വീസിൽ പ്രവേശിച്ചത് 01/08/2006 ലുമാണ്. ടി ജീവനക്കാർ 2 പേരും 21/06/2006 ൽ

ആരംഭിച്ച ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) ട്രെയിനിങ്ങ് ബാച്ചിലാണ് സർവീസ് ആരംഭിച്ചതെങ്കിലും ശ്രീ.കെ.കെ.നന്ദകുമാറിനെതിരെ പോലീസ് കേസ് നിലവിൽ ഉണ്ടായിരുന്നതിനാൽ ടിയാന്റെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വൈകി മാത്രമേ ലഭിച്ചിരുന്നുള്ളൂ. ആയത് കാരണം ടിയാൻ 01/08/2006 ലാണ് ട്രയിനിംഗിന് ഹാജരായത്. അത് കാരണം 8 വർഷത്തെ ഒന്നാം സമയബന്ധിത ഗ്രേഡ് ശ്രീ.കെ.കെ.നന്ദകുമാറിന് ലഭിച്ചത് 01/08/2014 ലും ശ്രീ.അഷ്റഫ്.കെ ക്ക് ലഭിച്ചത് 21/06/2014 ലും ആണ്. ആതുകൊണ്ട് തന്നെ 01/07/2014 ൽ പ്രബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തിന് ശ്രീ.അഷ്റഫ്.കെ ക്ക് ഒന്നാം സമയബന്ധിത ഗ്രേഡ് പ്രകാരം ലഭിച്ച (21/06/2014 ൽ) അടിസ്ഥാന ശമ്പളം ആധാരമാക്കിയാണ് ശമ്പളം പരിഷ്കരിച്ചത്. എന്നാൽ ശ്രീ.കെ. കെ. നന്ദകുമാറിന് സമയബന്ധിത ഗ്രേഡ് ലഭിക്കുന്നതിന് മുമ്പുള്ള അടിസ്ഥാന ശമ്പളം ആധാരമാക്കിയാണ് ശമ്പളം പരിഷ്കരിച്ചത്. (ശ്രീ.കെ. കെ. നന്ദകുമാറിനു 01/08/2014 നു മാത്രമേ 8 വർഷ സർവീസ് പൂർത്തിയാവുകയുള്ളൂ എന്നതിനാൽ ) ഇതാണ് ശ്രീ.അഷ്റഫ്.കെ യുടെ ശമ്പളത്തേക്കാൾ ശ്രീ.കെ. കെ. നന്ദകുമാറിന്റെ ശമ്പളത്തിൽ കുറവ് സംഭവിക്കാൻ കാരണമായത്. ശ്രീ.കെ.കെ.നന്ദകുമാർ സർവ്വീസിൽ പ്രവേശിക്കാനുള്ള കാലതാമസം തന്നെയാണ് ടിയാന്റെ ശമ്പളത്തിലും പ്രതിഫലിച്ചിരിക്കുന്നത്. ആയത് നിലവിലെ ചട്ടങ്ങൾ പ്രകാരം പരിഹരിക്കുവാൻ സാധിക്കുകയില്ല. കൂടാതെ നിലവിലെ ഉത്തരവുകളും ചട്ടങ്ങൾ പ്രകാരം പ്രസ്തുത ശമ്പള കുറവ് ജൂനിയർ സീനിയർ അനോമലിയുടെ പരിധിയിൽ ഉൾപ്പെടുത്തി സ്റ്റെപ്പ് അപ്പ് ചെയ്യുവാൻ സാധിക്കുകയില്ല.

6) ആയതിനാൽ ശമ്പളത്തിലെ കുറവ് അനോമലി വഴി പരിഹരിച്ച് സർവ്വീസ് ബാച്ചുകാരുടെ ശമ്പളത്തിന് തുല്യമാക്കി നൽകണമെന്ന ശ്രീ.കെ. കെ. നന്ദകുമാറിന്റെ അപേക്ഷ നിരസിച്ചു കൊണ്ടും ഒ.എ(ഇ.കെ.എം)1746/2022 മേലുള്ള ബഹു.കേരള അഡമിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം
അഡ്വക്കറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)
ശ്രീ.കെ. കെ. നന്ദകുമാർ, ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഗ്രേഡ് (മെക്കാനിക്ക്)
(ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ആഡിറ്റ്), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (16.32024 തീയതിയിലെ Exp-B1/72/2021-FIN പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, ഐ & പി ആർ ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Shabeer S

Date: 04-04-2024 17:54:31

സെക്ഷൻ ഓഫീസർ